# ഉന്നതവിദ്യാഭ്യാസമേഖല എങ്ങോട്ട്?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം അതിന്റെ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും മറന്ന് വിനാശത്തിന്റെ പടുകുഴിയിൽ പതിക്കുമ്പോൾ, ഇതിനു പരിഹാരം കാണേണ്ട സർക്കാർ മൗനം പാലിക്കുകയും സാംസ്കാരികനായകരും വിദ്യാഭ്യാസവിദഗ്ദ്ധരും പ്രതികരിക്കാതിരിക്കുകയുമാണ്. സംസ്ഥാനത്തെ എയിഡഡ് കോളേജുകളുടെ വിഭവശേഷികളെല്ലാം പാഴാകുന്ന രീതിയിൽ, നവംബർ അവസാനമായിട്ടും ഒട്ടേറെ സീറ്റുകൾ ആളില്ലാതെ കിടക്കുന്നു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GEO) ഭീതിജനകമായി അധഃപതിക്കുന്നു.

കാലികമായി പരിഷ്കാരങ്ങൾക്ക് വിധേയമാക്കാത്ത കരിക്കുലം - സിലബസുകൾ; സാമ്പത്തികലാഭം മാത്രം ലക്ഷ്യമിട്ട് വിവിധ കാരണങ്ങൾ പറഞ്ഞ് സ്ഥിരാദ്ധ്യാപകരെ നിയമിക്കാൻ അനുവദിക്കാതെ എയിഡഡ് കോളേജുകളിൽ അമിത അതിഥിഅദ്ധ്യാപകവൽക്കരണം നടത്തുന്ന സർക്കാർ; സ്വന്തം അക്കാദമിക് കലണ്ടർ കാറ്റിൽ പറത്തിയും സർക്കാർനിബന്ധനകൾ ലംഘിച്ചും വാല്യുവേഷൻ ക്യാമ്പിനു വേണ്ടി കോളേജുക്ലാസുകൾ നിർത്തിവയ്പിക്കുന്ന സർവകലാശാലകൾ; തൻമൂലമുണ്ടാകുന്ന അദ്ധ്യയനദിവസങ്ങളുടെ കുറവ്; താളം തെറ്റിയ പരീക്ഷകൾ; ഒരിക്കലും സമയത്ത് പ്രസിദ്ധീകരിക്കാത്ത റിസൽട്ടുകൾ; സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ കാലതാമസം; വിവിധ സർക്കാർ - എയിഡഡ് കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പൽനിയമനകാര്യത്തിലെ സർക്കാർഒളിച്ചുകളി; വർഷങ്ങളായി ഒരു പൈസ പോലും ഗ്രാന്റ് ലഭിക്കാത്തതിനാൽ ശോച്യാവസ്ഥയിലായ എയിഡഡ് കോളേജുകളിലെ കെട്ടിടങ്ങളും ലബോറട്ടറികളും ഉപകരണങ്ങളും; സംസ്ഥാനതലത്തിൽ സർക്കാർ കൃത്യമായി എടുക്കേണ്ട നയപരമായ തീരുമാനങ്ങൾ എടുക്കാതെ സർവകലാശാലാ - ഉന്നതവിദ്യാഭ്യാസ ഉദ്യോഗസ്ഥർ എടുക്കുന്ന വികല - വിഭിന്ന - വിഫലനിലപാടുകൾ എന്നിവ സ്വന്തം കുട്ടിയുടെ പഠനത്തിനായി സംസ്ഥാനം വിടാൻ ഏതു രക്ഷാകർത്താവിനെയും നിർബന്ധിതരാക്കുന്നു.

കേന്ദ്രഫണ്ടുകൾ ഇഷ്ടസംസ്ഥാനങ്ങളിലേക്കൊഴുക്കുന്ന യു.ജി.സി.യും, പുതിയ കോളേജുകളും കോഴ്സുകളും ഗവേഷണഫണ്ടിംഗും മറ്റാനുകൂല്യങ്ങളും ഇഷ്ടക്കാർക്കു മാത്രം നല്കുന്ന സംസ്ഥാനസർക്കാരും, രാഷ്ട്രീയയജമാനപ്രീതിക്കുവേണ്ടി മൂല്യങ്ങളെല്ലാം ബലികഴിച്ച് വികലനയങ്ങളും നടപടികളും മാത്രം നടപ്പിലാക്കുന്ന സർവകലാശാലകളും ചേർന്ന് ഇവിടുത്തെ ഉന്നതവിദ്യാഭ്യാസരംഗം താറുമാറാക്കിയിരിക്കുന്നു. എയിഡഡ് മേഖലയിലെ ആയുഷ് മെഡിക്കൽ കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയിലുള്ള സർക്കാർനീക്കങ്ങളും അവയെ തകർച്ചയിലേക്ക് നയിക്കുന്നവയാണ്.

തങ്ങളുടെ ഇംഗീതാനുസരണം ശിപാർശകൾ നല്കുന്ന വിദഗ്ദ്ധരെ കമ്മീഷനുകളാക്കി, യാഥാർത്ഥ്യബോധം തെല്ലുമില്ലാതെ, തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ മാത്രം പരിഗണിക്കുന്ന റിപ്പോർട്ടുകൾ മെനഞ്ഞെടുപ്പിച്ച് ഈ രംഗത്ത് വ്യാപകമായി പ്രവർത്തിക്കുന്നവരെ ഒഴിവാക്കി ചില ചർച്ചാപ്രഹസനങ്ങൾ നടത്തി സർക്കാർ കാഴ്ചവയ്ക്കുന്ന കസർത്തുകൾക്ക് പ്രബുദ്ധകേരളത്തിന്റെ മറുപടിയാണ് എയിഡഡ് കോളേജുകളിലെ ഈ സീറ്റൊഴിവുകൾ.

ഉന്നതവിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയവിമുക്തമാക്കി ശരിയായ വിദഗ്ദ്ധരുടെ ഉപദേശങ്ങൾ സ്വീകരിച്ച്, ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ചകൾ നടത്തി, സർവോപരി ഈ രംഗത്തെ മുതൽമുടക്ക് ഒരു ബാധ്യതയായി കാണാതെ, സാധാരണക്കാരായ ജനങ്ങൾക്കും അവരുടെ കുട്ടികൾക്കും വേണ്ടി നടത്തുന്ന സുരക്ഷിതമായ നിക്ഷേപവും സാദ്ധ്യതയുമായി സർക്കാർ കാണുന്നില്ലെങ്കിൽ നമ്മെ ഞെട്ടിക്കുന്ന തിരിച്ചടികൾ ഭാവിയിൽ കേരളം നേരിടേണ്ടിവരും.